# ഭാഷാ സെമിനാർ

മധ്യമേഖലാ ഭാഷാ സെമിനാർ നവംബർ 4ന് ആലുവയിൽ വച്ച് നടക്കും.
ഉപജില്ലയിൽ സെമിനാർ നടത്തി ഒക്ടോബർ 25-നകം
ശശിധരൻ കല്ലേരി
കല്ലേരി വീട്
മുപ്പത്തടം പോസ്റ്റ്
ആലുവ 10
683 11 0
906195927 എന്ന വിലാസത്തിൽ ലഭിക്കണം'
പ്രബന്ധത്തെ സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു



①

ഭാഷയും പ്രാദേശിക ഭേദവും.

ആമുഖം:- വിഷയം, തലക്കെട്ട്, എന്നിവ നൽകണം. പ്രബന്ധത്തെ സംബന്ധിച്ച് നാലോ, അഞ്ചോ, വാചകങ്ങളിൽ വിശദീകരിക്കണം.

ഉദ്ദേശ്യ ലക്ഷ്യങ്ങൾ:- ഇതയൊരു ഭാഷാ പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കുന്നതിലൂടെ, സാമൂഹികവും, നിത്യ ജീവിതവുമായി ബന്ധപ്പെട്ട്, എന്തെല്ലാം തിരിച്ചറിവുകളാണോ സമൂഹത്തിനുമുൻപിൽ വയ്ക്കാനുള്ളതെന്ന് വ്യക്തമാക്കൽ. (സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം, മാറ്റം എന്നിവ)

വിവരശേഖരണം:- പ്രബന്ധത്തിനാവശ്യമായ വിവരശേഖരണം നടത്തിയ രീതിയാണിവിടെ വിശദമാക്കേണ്ടത്. (വ്യക്തികൾ, സ്ഥാപനങ്ങൾ, ഗ്രന്ഥങ്ങൾ, തുടങ്ങിയവ)

സംഗ്രഹം:- പ്രബന്ധത്തിലൂടെ ഉന്നയിക്കപ്പെടുന്ന നിഗമനമാണ് ഇവിടെ ചേർക്കുന്നത്. കണ്ടെത്തിയ ആശയം വിശദമാക്കി കണ്ടെത്തലുകൾ സമർത്ഥിച്ച് അനുവാചകന് ബോദ്ധ്യമാകുന്നവിധം ഉദാഹരണ സഹിതം വ്യക്തമാക്കണം. ഇവിടെ ചേർത്തിരിക്കുന്ന ഭാഗമാണ് അവതരണത്തിനായി ഉപയോഗിക്കേണ്ടത്. സംഗ്രഹം മൂന്നു പുറത്തിൽ കൂടാൻ പാടില്ല. വിഷയം ഗഹനമായി പഠിച്ച് സംശയ സാദ്ധ്യത ഇല്ലാത്തവിധം ആശയ വ്യക്തതയോടെ രേഖപ്പെടുത്തണം.

സംഗ്രഹം:—

വിഷയത്തിന്റെ കാലികപ്രസക്തി, അവതരിപ്പിക്കുന്ന വിഷയം, വർത്തമാനകാല സമൂഹത്തിലുണ്ടാകുന്ന ഗുണദോഷങ്ങൾ, സ്വാധീനം എന്നിവ ക്രോഡീകരിച്ച് രേഖപ്പെടുത്തണം. (ഒരു പുറത്തിൽ കവിയരുത്.)

നന്ദി, കടപ്പാട്:—

പ്രബന്ധത്തിന്റെ എല്ലാ ഘട്ടത്തിലും, സഹായികളായി നിന്നവരോടുള്ള പ്രതിബന്ധതയാണിവിടെ സൂചിപ്പിക്കുന്നത്.

(3)

അവതരണം :-

- സമയം : 5 മുതൽ 10 മിനിട്ട് വരെ.
- ഐ.സി.ടി. സാദ്ധ്യതകൾ ഉപയോഗിക്കാവുന്നതാണ്. അവതരണത്തിനുള്ള പെൻഡ്രൈവ്, സി.ഡി എന്നിവ എല്ലാവിധ സാങ്കേതികപ്രശ്നങ്ങളും പരിശോധിച്ചതിന് ശേഷം ആവശ്യത്തിന് കോപ്പികൾ കരുതേണ്ടതാണ്.
- പ്രദർശിപ്പിക്കേണ്ട വസ്തുതകൾ, പി.ഡി.എഫ് രൂപത്തിലായിരിക്കണം.
- പ്രബന്ധത്തിലൂടെ ഉന്നയിക്കപ്പെടുന്ന ആശയത്തിന്റെ (സംഗ്രഹം) ചുരുക്കഭാഗം മാത്രം ആശയവ്യക്തതയോടെ ഉദാഹരണ സഹിതം സമർപ്പിക്കേണ്ടതാണ്.
- അവതരണത്തിനുശേഷം, വിധികർത്താക്കളുടെ ഭാഗത്തുനിന്നും, സദസ്സിൽനിന്നുമുണ്ടാകുന്ന ചോദ്യങ്ങൾക്ക്, വ്യക്തമായി ഉത്തരം നൽകേണ്ടതാണ്.
- ഐ.സി.ടി. സാധ്യതകൾ കൈകാര്യം ചെയ്യുന്നതിന്, അവതരണസ്ഥലത്ത് ഐ.ടി. വിദഗ്ധരെ ചുമതലപ്പെടുത്തുന്നതായിരിക്കും. ഇവരുടെ സേവനം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

പ്രത്യേക നിർദ്ദേശങ്ങൾ :-

- പ്രബന്ധത്തിന്റെ രണ്ടു കോപ്പികൾ വീതം ഉപജില്ലയിൽ സമർപ്പിക്കേണ്ടതാണ്.
- ഉപജില്ലയിൽ നിന്നും വിജയികളാകുന്നവരുടെ പ്രബന്ധത്തിന്റെ രണ്ടു കോപ്പികൾ മേഖലാ കോർഡിനേറ്റർക്ക് അയച്ചുകൊടുക്കേണ്ടതാണ്. (ഉപജില്ലാ അവതരണത്തിനു ~~ശേഷ~~ ശേഷം മാറ്റങ്ങൾ വേണമെങ്കിൽ വരുത്താവുന്നതാണ്)

വിധിനിർണയം:-

- ~~രണ്ടുപേ~~ രണ്ടോ, മൂന്നോ പേർ അടങ്ങുന്ന ഒരു പാനലായിരിക്കും വിധിനിർണയത്തിനുണ്ടാകുന്നത്.
- പ്രബന്ധത്തിന് അമ്പതു ശതമാനവും, അവതരണത്തിന് നാല്പതു ശതമാനവും, ചോദ്യങ്ങൾക്ക് നൽകുന്ന ഉത്തരത്തിന് പത്തു ശതമാനവും ആയിരിക്കും. ആകെ 100 മാർക്ക്.

# <u>മലയാള ഭാഷാ പ്രബന്ധം</u>

കേരള പൊതു വിദ്യാഭ്യാസ വകുപ്പ്
വിദ്യാരംഗം കലാ സാഹിത്യ വേദി
ആലുവ ഉപജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി മലയാള ഭാഷാ പ്രബന്ധ മത്സരം നടത്തുന്നു.
വിഷയം " ഭാഷയും പ്രാദേശിക ഭേദങ്ങളും "
സമയം 5 മുതൽ 10 മിനിറ്റ് വരെ
പ്രബന്ധം ആകെ 7 പുറം
പ്രധാനാധ്യാപികയുടെ ഒപ്പോടുകൂടി ഒക്ടോബർ 12-നകം ആലുവ AE0 ഓഫീസിൽ എത്തിക്കുക.
കൂടുതൽ വിവരങ്ങൾക്ക്

9061 9592 71
ശശിധരൻ കല്ലേരി
അവതരണ ദിവസവും സമയവും പിന്നീട് അറിയിക്കും

# ഗാന്ധി സ്മൃതി

കേരള പൊതു വിദ്യാഭ്യാസ വകുപ്പ്
വിദ്യാരംഗം കലാ സാഹിത്യ വേദി
ആലുവ ഉപജില്ല വിദ്യാരംഗം കലാ സാഹിത്യ വേദി " ഗാന്ധി സ്മൃതി " കൊണ്ടാടുന്നു . ഇതിന്റ ഭാഗമായി ഒക്ടോബർ 12ന് എൽ.പി. യു പി എച്ച്.എസ്. എന്നീ വിഭാഗങ്ങളിലെ കുട്ടികൾക്കായി

ഗാന്ധി ക്വിസ്, പ്രസംഗം എന്നീ മത്സരങ്ങൾ നടത്തുന്നു( പ്രസംഗം വിഷയം 'ഞാനറിയുന്ന ഗാന്ധി" ) സമയം 5 മിനിറ്റ് '
മത്സര ദിവസം 12-10 - 2017
സമയം രാവിലെ 9:30മണി.
സ്ഥലം പിന്നീട് അറിയിക്കും
കൂടുതൽ വിവരങ്ങൾക്ക്.
906195927 1
ശശിധരൻ കല്ലേരി